**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1606** **13-02-2025 - ൽ മറുപടിയ്ക്ക്**

**തിരുവമ്പാടി മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. ലിന്റോ ജോസഫ്</td><td colspan="2">ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവമ്പാടി മണ്ഡലത്തിൽ എവിടെയൊക്കെ കേരഗ്രാമം പദ്ധതി അനുവദിച്ചിട്ടുണ്ടെന്നും അനുവദിച്ചയിടങ്ങളിൽ നടന്നുവരുന്ന പ്രവർത്തനങ്ങളും വ്യക്തമാക്കുമോ?</td><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിൽ തിരുവമ്പാടി മണ്ഡലത്തിൽ താഴെ പറയുന്ന പഞ്ചായത്തുകളിലാണ് കേരഗ്രാമം അനുവദിച്ചിട്ടുള്ളത്.<br><br>
<table>
<tr><th>ക്രമ നം</th><th>കേരഗ്രാമം</th><th>അനുവദിച്ച വർഷം</th></tr>
<tr><td>1</td><td>കൂടരഞ്ഞി</td><td>2019-20</td></tr>
<tr><td>2</td><td>കൊടിയത്തൂർ</td><td>2021-22</td></tr>
<tr><td>3</td><td>പുതുപ്പാടി</td><td>2022-23</td></tr>
<tr><td>4</td><td>മുക്കം</td><td>2024-25</td></tr>
</table>
<br>കേരഗ്രാമം പദ്ധതിക്ക് കീഴിൽ മേൽ പഞ്ചാത്തുകളിൽ താഴെ പറയുന്ന പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.<br><br>കൊടിയത്തൂർ - 2021-22 ഒന്നാം വർഷ കേരഗ്രാമം (250HA) പദ്ധതിയിൽ തടംതുറക്കൽ, ജൈവവള നിർമാണ യൂണിറ്റ് - തെങ്ങുകയറ്റ യന്ത്രത്തിനുള്ള സബ്സിഡി, തെങ്ങിൻ തൈ വിതരണം, ഇടവിളക്കൃഷി, ജൈവവളം, ജലസേചനം എന്നിവക്കുള്ള ധനസഹായം, കൃഷിഭവന്റെ പ്രവർത്തനങ്ങൾക്കുള്ള ധനസഹായം എന്നിവക്കായി ആകെ 45,17,000/- രൂപ ധനസഹായം നൽകി പദ്ധതി പൂർത്തീകരിച്ചു.<br><br>കൊടിയത്തൂർ - 2021-22 രണ്ടാം വർഷ കേരഗ്രാമം ഒന്നാം വർഷ കേരഗ്രാമ പ്രവർത്തനങ്ങളുടെ തുടർച്ചയായുള്ള പ്രവർത്തനങ്ങൾ (ഇടവിളകൃഷി, കേരസമിതി, കേരഗ്രാമം എന്നിവക്കുള്ള ധനസഹായം, INM ആക്ടിവിറ്റീസ്) 20,00,000/- രൂപ ധനസഹായം നൽകി പദ്ധതി പൂർത്തീകരിച്ചു<br><br>കൊടിയത്തൂർ - 2023-24 മൂന്നാം വർഷ കേരഗ്രാമം (integrated management of coconut gardens)</td></tr>
</table>

| | | | |
|---|---|---|---|
| | | | 370,906/- രൂപ ധനസഹായം നൽകി പദ്ധതി പൂർത്തീകരിച്ചു<br><br>**കൂടരഞ്ഞി 2021-22 മൂന്നാം വർഷ കേരഗ്രാമം (250 Ha)** (integrated management of coconut gardens) 6,25,000/- രൂപ ധനസഹായം നൽകി പദ്ധതി പൂർത്തീകരിച്ചു<br><br>**പുതുപ്പാടി - 2022-23 ഒന്നാം വർഷ കേരഗ്രാമം (100 Ha)** പദ്ധതിയിൽ തടം തുറക്കൽ, രാസവളം, ജൈവവളം, മണ്ണ് മെച്ചപ്പെടുത്തുന്ന വസ്തുക്കൾ, തെങ്ങുകയറ്റ യന്ത്രത്തിനുള്ള സബ്സിഡി , രോഗം വന്ന തെങ്ങുകൾ മുറിച്ചു മാറ്റി പുതിയത് നടീൽ, ജലസേചനത്തിനുള്ള ധനസഹായം, കൃഷിഭവന്റെ പ്രവർത്തനങ്ങൾക്കുള്ള ധനസഹായം എന്നിവക്കായി ആകെ 14,91,260/- രൂപ ധനസഹായം നൽകി പദ്ധതി പൂർത്തീകരിച്ചു .ഇടവിളകൃഷി, കേരസമിതികൾക്കുള്ള ധനസഹായം എന്നിവക്കായി ആകെ 5,18,823/- രൂപ ധനസഹായം നൽകി പദ്ധതി പൂർത്തീകരിച്ചു.<br><br>**പുതുപ്പാടി (2023-24) രണ്ടാം വർഷ കേരഗ്രാമം 100ha** പദ്ധതിയിൽ സംയോജിത വളപ്രയോഗം, സംയോജിത രോഗകീട നിയന്ത്രണം എന്നിവക്കായി ആകെ 800000രൂപ ധനസഹായം നൽകി പദ്ധതി പൂർത്തീകരിച്ചു.<br><br>**പുതുപ്പാടി-(2024-25) മൂന്നാം വർഷ കേരഗ്രാമം** സംയോജിത വളപ്രയോഗം (16050തെങ്ങുകൾക്കു dolomite, potashവിതരണം നടത്തി<br><br>**മുക്കം 2024-25 ഒന്നാം വർഷ കേരഗ്രാമം (100 Ha ) -** 17500 തെങ്ങുകൾക്കു തടം തുറക്കൽ, ജൈവവളം വിതരണം എന്നീ പ്രവർത്തനങ്ങൾ നടന്നു വരുന്നു. രോഗം വന്ന തെങ്ങുകൾ മുറിച്ച് മാറ്റി പുതിയ തെങ്ങു നടീൽ, ജൈവ വള നിർമ്മാണ യൂണിറ്റ് എന്നിവയുടെ പ്രവർത്തനങ്ങളും നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ